കായംകുളം എം.എൽ.എ. മുഖേന സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചിത്രകലാ പഠനം പ്രൈവറ്റായി പൂർത്തിയാക്കി പരീക്ഷ എഴുതുവാൻ കേരളത്തിലെ ചിത്രകലാ വിദ്യാർത്ഥികൾക്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) മറ്റ് മിക്ക സംസ്ഥാനങ്ങളിലും ചിത്രകലാ പഠനം പ്രൈവറ്റായി നടത്തുവാൻ അനുമതിയുള്ളപ്പോൾ കേരളത്തിലെ വിദ്യാർത്ഥികൾക്ക് പ്രൈവറ്റായി പഠിച്ച് പരീക്ഷ എഴുതുന്നതിന് അനുമതി നൽകുമോ;

(ഡി) സാങ്കേതിക വിദ്യാഭ്യാസവകുപ്പ് കെ.ജി.ടി.ഇ. ഡ്രോയിംഗ് പരീക്ഷ ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതോടൊപ്പം നടത്തിവന്നിരുന്ന കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ്, തയ്യൽ, അഗ്രികൾച്ചർ തുടങ്ങിയ പരീക്ഷകൾ നിർത്തലാക്കാത്ത സാഹചര്യത്തിൽ കെ.ജി.ടി.ഇ. ഡ്രോയിംഗ് പരീക്ഷ പുനഃരാരംഭിക്കുന്നതിന് തീരുമാനം കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)-(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

55 (472) ഓരോ നിയോജകമണ്ഡലത്തിലും അനുവദിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ശ്രീ. ജോണി നെല്ലൂർ :

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ നിയോജകമണ്ഡലത്തിലും അനുവദിച്ചിട്ടുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പ്ലസ് ടു കോഴ്സുകൾ എന്നിവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം നിയോജകമണ്ഡലങ്ങളിലാണ് ഇനിയും എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ)&(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിലല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത്. ആയതുകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

56 (473) വനിതാ പോളിടെക്നിക് അനുവദിക്കുന്നതിന് നടപടി

ശ്രീ. എ. അബ്ദുൾ ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) വർക്കലയിൽ ഒരു വനിതാ പോളിടെക്നിക് അനുവദിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്മേൽ എന്തു തീരുമാനം കൈക്കൊണ്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ആവശ്യമായ സ്ഥലവും മറ്റു സൗകര്യങ്ങളും നൽകുന്നപക്ഷം വർക്കലയിൽ ഒരു വനിതാ പോളിടെക്നിക്ക് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) തിരുവനന്തപുരം ജില്ലയിൽ ഒരു വനിതാ പോളിടെക്നിക്ക് ഉൾപ്പെടെ അഞ്ച് പോളിടെക്നിക്കുകൾ നിലവിലുണ്ട്. അതിനാൽ പുതിയതായി വർക്കലയിൽ ഒരു വനിതാ പോളിടെക്നിക്ക് സ്ഥാപിക്കുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

57 (475) സ്വാശ്രയ കോളേജുകൾ

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സെൽഫ് ഫൈനാൻസിംഗ് കോളേജുകളും എത്ര ഓട്ടോണമസ് കോളേജുകളും തുടങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിൽ ഇനിയും സെൽഫ് ഫൈനാൻസിംഗ് കോളേജുകളും ഓട്ടോണമസ് കോളേജുകളും തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(സി) ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ തുടങ്ങുവാൻ പാടില്ല എന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ള സംഘടനകൾ ഏതെല്ലാം;

(ഡി) ഇത് സംബന്ധമായ സർക്കാരിന്റെ ഔദ്യോഗിക നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) നാല് സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജുകളും രണ്ട് അപ്ലൈഡ് സയൻസ് കോളേജുകളും കോടതി ഉത്തരവിനെ തുടർന്ന് കൊല്ലത്ത് സഹകാര്യമേഖലയിൽ ഒരു സ്വാശ്രയട്രെയിനിംഗ് കോളേജു തുടങ്ങിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള ശാസ്ത്ര സാഹിത്യ പരിഷത്തും ചില രാഷ്ട്രീയ പാർട്ടികളുടെ യുവജനവിഭാഗങ്ങളും.

(ഡി) ഗവണ്മെന്റ്, അർദ്ധഗവൺമെന്റ് സഹകരണ മേഖലകളിൽ തുടങ്ങുവാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly